പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T1657 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിയിലാക്കിയ കുടിവെള്ളം ഗുണനിലവാരം ഇല്ലാത്തതാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | കുപ്പിയിലും ടാങ്കർ ലോറികളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി) | **കുപ്പിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തി വരുന്നു. കൂടാതെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (BIS) ഉം കുപ്പിവെള്ള നിർമ്മാണ അനുമതി നൽകുന്നതോടൊപ്പം പരിശോധന നടത്തുകയും നിശ്ചിത നിലവാരം പുലർത്താത്ത കമ്പനികളുടെ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന് അനന്തര നടപടികൾക്കായി** ലഭ്യമാക്കാറുമുണ്ട്.ഇതു സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ താഴെചേർക്കുന്നു.<br>1. ടാങ്കർ ലോറികളിലും, വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം ഫുഡ് ബിസിനസ് ഓപ്പറേറ്റർ (FBO) ലൈസൻസ് എടുത്തിരിക്കണം.<br>2. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം എടുത്തിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.<br>3. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും 'Drinking water /കുടിവെള്ളം' എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ 'Not for drinking purpose/ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടുപോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.<br>5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.<br>6. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസ് ഉായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവു. കുടിവെള്ള സ്രോതസ്സു കളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.<br>7. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലുംവാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കറുകളിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട് , കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. |
| സി) | മലിന ജലം വിതരണം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | സി) | കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ